കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-2019

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-5/989/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 06.11.2019.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)
മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1, 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 5/989/2019. തീയ്യതി:06.11.2019.

# കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.കെ .ഉണ്ണി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-09-2019മുതൽ 01-10-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഗോപാല കൃഷ്ണ നായിക് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ .സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീ.സുനിൽ കുമാർ .എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.അബ്ദുൾ അസീസ് | 1-4-2018 മുതൽ<br>31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.ദാമോദരൻ.കെ.വി | 01/04/2018 മുതൽ<br>07/04/2018 വര |
| | ജോയ് തോമസ് (അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്) | 08/04/2018മുതൽ<br>03/06/2018 വരെ |
| | ശ്രീ.ദാമോദരൻ.കെ.വി | 04/06/2018 മുതൽ<br>20/06/2018 വരെ |
| | ജോയ് തോമസ് (അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്) | 21/06/2018മുതൽ<br>27/06/2018 വരെ |
| | ശ്രീ.ദിനേശൻ.കെ | 28/06/2018മുതൽ<br>12/10/2018 വരെ |
| | ശ്രീ.കെ.രാമകൃഷ്ണൻ | 13/10/2018മുതൽ<br>31/03/2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ജോയ് തോമസ് | 01/04/2018-മുതൽ<br>09/10/2018വരെ |
| | | ഷിബുലാൽ.ടി.സി | 10/10/2019-മുതൽ<br>31/03/2019വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | മഞ്ജുള.എൻ.കെ | 01/04/2018-മുതൽ<br>31/03/2019വരെ |
| 3 | കൃഷി ഓഫീസർ | ധന്യ.എം | 01/04/2018മുതൽ-<br>17/08/2018വരെ |
| | | ലിനിത നായർ | 18/08/2018മുതൽ-<br>03/11/2018 FNവരെ |

| | | | |
|---|---|---|---|
| | | ഹസൻ.പി.പി | 03/11/2018ANമുതൽ-<br>31/03/2019 വരെ |
| 4 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ബബിത.കെ | 01/04/2018-മുതൽ<br>11/07/2018വരെ |
| | | ഷീന.എ.കെ | 12/07/2018-മുതൽ<br>31/03/2019വരെ |
| 5 | വി.ഇ.ഒ<br>മഞ്ചേശ്വരം സർക്കിൾ | രതീഷ് കുമാർ.കെ | 01/04/2018-മുതൽ<br>09/07/2018വരെ |
| | | സരിത.കെ | 10/07/2018 മുതൽ-<br>04/08/2018വരെ |
| | | രതീഷ് കുമാർ.കെ | 05/08/2018 മുതൽ-<br>09/10/2018വരെ |
| | | രജിഷ കൃഷ്ണൻ | 10/10/2018-മുതൽ<br>31/03/2019വരെ |
| | വി.ഇ.ഒ<br>കുഞ്ചത്തൂർ സർക്കിൾ | സഞ്ജയ്<br>കുമാർ.കെ.വി | 01/04/2018-മുതൽ<br>05/01/2019വരെ |
| | | രതീഷ് കുമാർ.കെ | 06/01/2019-മുതൽ<br>31/03/2019വരെ |
| 6 | പ്രധാനാധ്യാപകൻ | ഭാസ്കര ഷെട്ടിഗാർ | 01/4/2018-മുതൽ<br>31/03/2019വരെ |
| 7 | വെറ്ററിനറി സർജ്ജൻ | ഡോ: വസന്ത<br>കുമാർ.എം | 01/04/2018മുതൽ<br>31/03/2019വരെ |
| 8 | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി മഞ്ചേശ്വരം | ഡോ.സ്മിത | 01/04/2018മുതൽ-<br>31/3/2019വരെ |
| 9 | മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം | ഡോ. സലിം. എൽ | 01/04/2018മുതൽ-<br>31/3/2019വരെ |
| 10 | മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ:ഷീബ.യു.ആർ | 01/04/2018-മുതൽ<br>31/03/2019വരെ |
| 10 | മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം (NHM) | ഡോ.മഹാബലേശ്വര<br>ഭട്ട് | 01/04/2018-മുതൽ<br>31/03/2019വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | അജയൻ.എസ് | 01/04/2018-മുതൽ<br>31/03/2019വരെ |
| 12 | ഫിഷറീസ് സബ്<br>ഇൻസ്പെക്ടർ | അബ്ദുള്ള.കെ.പി | 01/04/2018മുതൽ-<br>31/03/2019വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|

| ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-12 |
| 13 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വിവിധ അപാകതകൾ. | 1-13 |
| 14 | കെട്ടിട വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-14 |
| 15 | ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ. | 1-15 |
| 16 | 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല | 1-16 |
| 17 | തൊഴിൽ നികുതി അപാകതകൾ | 1-17 |
| 18 | അജൈവ മാലിന്യ പരിപാലനം - പദ്ധതിപ്രകാരം സ്ഥാപിച്ച ബെയിലിങ്ങ് മെഷീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-18 |
| 19 | തെരുവ് വിളക്ക് പരിപാലനം-സംയുക്ത പരിശോധന നടത്തിയിട്ടില്ല . | 1-19 |
| 20 | ചർച്ച് ബീച്ച് അങ്കണവാടി പുനരുദ്ധാരണ പ്രവൃത്തി - അധികം തുക ചെലവഴിച്ചു. | 1-20 |
| 21 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-21 |
| 22 | മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു. | 1-22 |
| 23 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. | 1-23 |
| 24 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-24 |

| | | |
|---|---|---|
| 25 | പ്രോജക്റ്റ് നമ്പർ.SO161/19-അംഗൺവാടികൾക്ക് വാട്ടർ പ്യൂരിഫയർ വങ്ങി സ്ഥാപിക്കൽ - അപാകത. | 1-25 |
| 20 | വിവിധ പദ്ധതികൾക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 21 | അങ്കണവാടി ഗുണഭോക്താക്കൾക്ക് പൂരക പോഷകാഹാരം- തുക ചെലവ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തത്-സംബന്ധിച്ച്. | 1-27 |
| 22 | അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച് | 1-28 |
| 23 | അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 24 | കുടുംബശ്രീ ഓഫീസിലേയ്ക്ക് വാങ്ങിയ ഇൻവെർട്ടർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-30 |
| 25 | ഭവന പുനരുദ്ധാരണം -അർഹതപ്പെട്ട ആനുകൂല്യം അനുവദിക്കുന്നില്ല. | 1-31 |
| 26 | ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-32 |
| ഭാഗം II<br>വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 27 | നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന- വസ്തു നികുതി നിർണ്ണയത്തിൽ അപാകത. | 2-1 |
| ഭാഗം III<br>ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 28 | ചർച്ച് ബീച്ച് അങ്കണവാടി പുനരുദ്ധാരണ പ്രവൃത്തി - അധികം തുക ചെലവഴിച്ചു. | 3-1 |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം | | |
| 29 | വാർഷികധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 30 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 39 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| വർഷം | 2018-19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 56(1)/18<br>26.03.2018 | 2/2019<br>19.01.2019 |
| മുന്നിരിപ്പ് | 22586494 | 1511092 |
| വരവ് | 184820000 | 118645353 |
| ആകെ | 207406494 | 120156445 |
| ചെലവ് | 201474721 | 117859157 |
| നീക്കിയിരിപ്പ് | 5931773 | 2297288 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 27.5.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24445615.05 |
| വരവ് | 114374363 |
| ആകെ | 138819978.05 |
| ചെലവ് | 97524038 |
| നീക്കിയിരിപ്പ് | 41295940.05 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് * |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 29981000 | 29981000 | 23671878 | 6309122 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 4540000 | 4540000 | 2923088 | 1616912 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 864000 | 864000 | 794271 | 69729 |
| മെയിന്റൻസ്,റോഡ് | 0 | 9471000 | 9471000 | 8257055 | 1213945 |
| മെയിന്റൻസ്,നോൺ- റോഡ് | 0 | 6249000 | 6249000 | 5198865 | 1050135 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11874000 | 11874000 | 11863141 | 10859 |

*നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടവയാണ്.

മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, തനത് ഫണ്ട് അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ച വിവരം

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 40000 | ഇല്ല | 40000 | 40000 | ഇല്ല |
| ദുരിതാശ്വാസനിധി | | nil | nil | nil | nil | |
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | - | 6364251 | 6364251 | 6364251 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6860.50 | 292225 | 299085.5 | 210992 | 88093.5 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | - | - | - | - | - |
| | SSA | 57957 | nil | 57957 | nil | 57957 |
| | ICDS | 3064757 | 1149625 | 4214382 | 784377 | 3430005 |
| | NPRPD | 420000 | - | 420000 | 160000 | 260000 |
| | വിമുക്തി ഫണ്ട് | 37500 | 25000 | 62500 | 37500 | 25000 |
| | ശുചിത്വമിഷൻ ഫണ്ട് | 2144147 | 960353 | 3104512 | 428950 | 2675562 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ട്രഷറി) | ബ്ലോക്ക് പഞ്ചായത്ത് | 1910207 | 3104642 | 5014849 | 3431130 | 1583719 |
| | ജില്ലാ പഞ്ചായത്ത് | 108696 | 2156183 | 2264879 | 1707167 | 557712 |
| മറ്റ് ഗ്രാന്റുകൾ | | | 1010000 | 1010000 | 1000000 | 10000 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | nil | 450000 | 450000 | 450000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | നെൽ കൃഷി-ഉല്പാദന ബോണസ് | nil | 50000 | 50000 | 50000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | nil | 37000 | 37000 | 37000 | |
| | തൊഴിലില്ലായ്മ വേതനം | - | 38160 | 38160 | 38160 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് CORPORATION | 17604117 | 21719493 | 39323610 | 11562208 | 27761402 |
| | E PAYMENT | 46251 | 115683 | 161934 | 649 | 161285 |
| | CO-OPERATIVE | 4222536 | 1533673 | 5756209 | 1593097 | 4163112 |
| | ട്രഷറി അക്കൗണ്ട് ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പടെ | 922752 | 25662018 | 26584770 | 20484123 | 6100647 |
| | ഗുണഭോക്തൃവിഹിതം | Nil | 419113 | 419113 | 419113 | 0 |
| | ഗുണഭോക്തൃ വിഹിതം നേരിട്ട് വെലവഴിച്ചത് | Nil | 1972436 | 1972436 | 1972436 | 0 |

## 1-5 പദ്ധതി അവലോകനം

എ) അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2018-19 | 292 | 201 | 75159850 | - | 91 | 68.83% |

ബി) പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം – ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6860.50 | 292225 | 299085 | 210992 | 88093.50 |
| വേതനമിനത്തിൽ നേരിട്ട് നൽകുന്നത് | - | 6364251 | 6364251 | 6364251 | - |
| | 6860.5 | 6656476 | 6663336 | 6575243 | 88093.50 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 329 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 149 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 23009 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 105 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിൽ വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 38160 | 20 |
| കർഷക തൊഴിലാളി പെൻഷൻ | 1342700 | 123 |
| വിധവാ പെൻഷൻ | 20084700 | 1602 |
| വാർദ്ധക്യകാല പെൻഷൻ | 22541500 | 1808 |
| വികലാംഗ പെൻഷൻ | 6893100 | 547 |
| അവിവാഹിത പെൻഷൻ | 292600 | 22 |
| വിവാഹ ധനസഹായം | 450000 | 15 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-09-2019 തീയതിയിൽ 3.00pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 17,741/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |

| | | |
|---|---|---|
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |
| 10 | പാർട്ട് ടൈം സ്കാവഞ്ചർ | 1 |

2018-2019 സാമ്പത്തിക വർഷം സീനിയർ ക്ലാർക്കിന്റെ ഒരു തസ്തിക 16.06.2018 മുതൽ 15.08.2018 വരെ ഒഴിഞ്ഞുകിടന്നിരുന്നു. ക്ലാർക്കിന്റെ ഒരു തസ്തിക 15.12.2018 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്.

28.04.2017 ലെ ഉത്തരവ് നം ജെ.എസ് 11/2017 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2018-2019 സാമ്പത്തിക വർഷം 3 തവണ ചേർന്നിട്ടുണ്ട് (13.04.2018, 22.06.2018, 14.08.2018 എന്നീ തീയതികളിൽ). 14.08.2018 ന് ചേർന്ന ജീവനക്കാരുടെ യോഗത്തിനുശേഷം 27.09.2019നാണ് ജീവനക്കാരുടെ യോഗം കൂടിയത്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും. ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോഴുള്ള വിവരങ്ങൾ ഹാജർ പട്ടികയിൽ രേഖപ്പെടുത്തുന്നില്ല. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സുകളും അക്കൗണ്ട് പോളിസികളും പാലിക്കുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. സഞ്ചയ സോഫ്റ്റവെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 72.6 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. നികുതി പരിവ് കാര്യക്ഷമമായി നടത്തേണ്ടതാണ്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും മാലിന്യ സംസ്കരണത്തിനായി മെറ്റീരിയൽ കളക്ഷൻ സെന്ററിലേക്കായി വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. അങ്കണവാടികളിലേക്ക് വാങ്ങിയ വാട്ടർപ്യൂരിഫയർ അങ്കണവാടികളിൽ സ്ഥാപിച്ചിട്ടില്ല.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മരിയ ആശ്രമം അങ്കണവാടി (സെന്റർ നം-19), ബി.എസ്. നഗർ അങ്കണവാടി (സെന്റർ നം-23), അമ്പിത്താടി അങ്കണവാടി (സെന്റർ നം-11), ഉദ്യാവർ തോട്ട (സെന്റർ നം-26),എന്നിവയ്ക്ക് സ്വന്തം കെട്ടിടമില്ല. ഈ സ്ഥാപനങ്ങൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കണം.

2018-2019 സാമ്പത്തിക വർഷം പഞ്ചായത്ത് ഭരമസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ 24.03.2018, 26.03.2018 എന്നീ തീയതികളിൽ ചേർന്ന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങൾ ഭാഗികമായി മാത്രമാണ് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 04.02.2019ലെ തീരുമാനം നം-11 പ്രകാരം 100% നികുതി പിരിവ് കൈവരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിക്കുകയും ഈ തീരുമാനം നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയുട്ടുണ്ടെങ്കിലും 72.6% നികുതി പിരിവ് മാത്രമെ കൈവരിച്ചിട്ടുള്ളു. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 13.02.2014 മുതൽ 26.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 22.04.2014 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2019 | 2019 ഫെബ്രുവരി മുതൽ ജൂൺ വരെ | 11.7.2019 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങൾ

1. 2017-18വർഷത്തെ വാർഷിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല. വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ) ,(എഫ്).
2. എല്ലാ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെയും റീ-കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ SBT e-payment(നിലവിൽ SBI)8365 -ന്റെ റീ-കൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്ക് (₹372) ഉൾപ്പെടുത്തിക്കാണുന്നു. (വൗച്ചർ നം 118060900126/27.12.2018).
3. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ shedule B-2ൽ(special fund/sinking fund/ trust or agency fund) 311710199-എന്ന ഹെഡിൽ 2,760 രൂപ കാണുന്നു. ഈ തുക സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320100127 | Centrally sponsored scheme- national program for rehabilitation of physically disabled(NPRPD) | 2,60,000 |
| 320700105 | Contributions for Joint Venture Projects (for Revenue Expenditure) – from District Panchayats | 1,08,696 |
| 320800299 | Donation to flood | 21,579 |

നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബിയുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡി.സി.ബിയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വസ്തു നികുതി- തൻ വർഷം 63,11,618 രൂപ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
6. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി

ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

7. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800199-other creditors എന്ന ഹെഡിൽ 7,54,522 രൂപ 31.03.2019 ന് നീക്കിയിരിപ്പ് തുകയുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ തുക ഇതേ ഹെഡിൽ 2017-18 വർഷത്തെ ബാലൻസ് ഷീറ്റിലും ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.

8. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800299- other liabilities എന്ന ഹെഡിൽ 2,88,485 രൂപ 01.04.2019 ന് മുന്നിരിപ്പ് തുകയുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

9. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 6,17,040 രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലാളികളിൽ നിന്നുമുള്ള തൊഴിൽ നികുതിയിനത്തിൽ 18,26,600 രൂപ വരവുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് അഡ്വാൻസുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല.

11. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് ഡെപ്പോസിറ്റുകളുടെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) പഞ്ചായത്തിൽ ലഭ്യമല്ല.

12. 350200202, 350200299, 350300199 എന്നീ ഹെഡുകളിൽ 2017-ന് മുമ്പുള്ള നീക്കിയിരിപ്പ് തുകകൾ അതേപടി നില നിർത്തിക്കാണുന്നു. ഈ നീക്കിയിരിപ്പ് ബാദ്ധ്യതകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-12 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

1.രേഖകളില്ലാത്തതിനാൽ കണക്കുകളുടെ പൊരുത്തം പരിശോധിക്കാനാകുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 16260 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി

തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 14370നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കണ്ടസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചാൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ എത്രയെന്ന് കണ്ടെത്താവുന്നതും ഇതു പ്രകാരം നിലവിലുണ്ടാകേണ്ട ആകെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്താവുന്നതുമായിരുന്നു. എന്നാൽ 2013-14 മുതലുള്ള രജിസ്റ്റർ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

3.പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - നികുതി നിർണ്ണയ വിവരശേഖരണ ഫോറം തയ്യാറാക്കുന്നില്ല.

2018-19 വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ, ഫയലിൽ കെട്ടിട ഉടമ നൽകിയ പെർമ്മിറ്റ്/ക്രമവൽക്കരണ അപേക്ഷ, ഫോം2ൽ വസ്തുനികുതി നിർണ്ണയ റിട്ടേൺ, ഓവർസിയർമാർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നമ്പർ 20/2011,തസ്വഭവ 14.01.2011 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി നികുതി നിർണ്ണയ വിവരശേഖരണഫോറം (ഫോം 6 )തയ്യാറാക്കുന്നില്ല. ടി റിപ്പോർട്ട് ഇല്ലാതെ തന്നെ സഞ്ചയയിൽ നികുതി തുക നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇപ്രകാരം സഞ്ചയയിൽ രേഖപ്പെടുത്തി തയ്യാറാക്കിയ ഫോം 6 മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് അംഗീകരിക്കാനാകില്ല. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് തയ്യാറാക്കിയ ഫോം 6 റിപ്പോർട്ട് ഇല്ലാതെ നികുതി നിർണ്ണയം നടത്തി വരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നം.08തീയ്യതി 28-09-2019).

മേൽ അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1)സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ

വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3)അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ച് നല്കിയത് അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

4)ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നല്കേണ്ടതു/നടത്തേണ്ടതുമാണ്.

5)വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കെട്ടിടം പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്ന വർദ്ധനവിന്റെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-13 വസ്തു നികുതി വൻ കുടിശ്ശിക.

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 14,15,480/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 10,87,859 രൂപയും പിരിച്ചുടുക്കാൻ ബാക്കിയുണ്ട്. 2018-19 വർഷത്തെ വസ്തുനികുതി വരുമാനം 63,11,618 രൂപയാണെങ്കിലും 38,08,279 രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-60.34%). വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 കെട്ടിട വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരനിൽനിന്നും മാസ വാടക ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും, വിലാസവും | ഈടാക്കേണ്ട മാസവാടക | ബാക്കി ഈടാക്കേണ്ട മാസ വാടക | കുറവ് |
|---|---|---|---|---|---|
| 1 | XVII/105 | പരീത്കുഞ്ഞി കാദർ ഹാജി | 3025x12 =36,300 | ജനുവരി-2019<br>ഫെബ്രുവരി-2019<br>മാർച്ച് -2019 | 9,075 |

| | | | | | |
|---|---|---|---|---|---|
| | | | | 3025 x 3 = 9,075 | |
| 2 | XVII/150 | ഇബ്രാഹിം | 708x12=8,496 | മെയ് 2018 മുതൽ മാർച്ച് 2019 വരെ<br>708 X 11 = 7,788 | 7,788 |
| ആകെ | | | | | 16,863 |

മേൽപറഞ്ഞ കച്ചവടക്കാരനിൽ നിന്നും കെട്ടിടവാടകയിനത്തിൽ ലഭിക്കാനുള്ള വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം.9തീയ്യതി 30-09-2019)

## 1-15 ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ.

(1) D&O ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് ഭരണസമിതി അംഗീകാരം നൽകിയതിന്റെ തീമാനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(2).ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

## 1-16 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി

കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 2,36,050/-രൂപ നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ഒടുക്കുവാൻ അവശേഷിക്കുന്ന തുക അടവാക്കിയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (30-09-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15)

## 1-17 തൊഴിൽ നികുതി അപാകതകൾ

<u>തൊഴിൽനികുതി</u>

തൊഴിൽനികുതി അടക്കുന്നതിനായി സ്ഥാപന മേധാവികൾക്ക് നൽകുന്ന ഡിമാന്റ് നോട്ടീസിൽ എല്ലാ തരം ശമ്പള ഇനങ്ങളും ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാനും ആയതിനനുസരിച്ച് നികുതി അടക്കുവാനും നിർദേശിക്കുന്നുണ്ടെങ്കിലും മിക്ക സ്ഥാപന മേധാവികളും ഈ നിർദേശം പാലിക്കുന്നില്ല. സ്ഥാപന മേധാവികൾ വരുമാന വിവരം കണക്കാക്കി ഹാജരാക്കുന്ന പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജ്ജാതാവധി സറണ്ടർ തുക,ബോണസ്,ഫെസ്റ്റിവൽ അലവൻസ്,ക്ഷാമബത്ത കുടിശ്ശിക,ശമ്പള പരിഷ്കരണ/മറ്റു കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനുള്ള സാധ്യത ഉണ്ട്.ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ജി.എൽ.പി.സ്കൂൾ.കണ്വതീർത്ഥ, ജി.എൽ.പി.സ്കൂൾ വാമനജ്ഞൂർ, വി.എ.എൽ.പി.സ്കൂൾ പാവൂർ, ജി.എച്ച്.എസ്. ബങ്കരമഞ്ചേശ്വരം.

## 1-18 അജൈവ മാലിന്യ പരിപാലനം - പദ്ധതിപ്രകാരം സ്ഥാപിച്ച ബെയിലിങ്ങ് മെഷീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രൊജക്ടുകൾ ഹരിത കേരളം മിഷന്റെ ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിലായിരിക്കണം ആവിഷ്കരിക്കേണ്ടതെന്ന് വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ പൊതു സമീപനം. ഇതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുവാനും ഉപകരണങ്ങൾ സ്ഥാപിക്കുവാനും തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി ആവിഷ്കരിക്കാം. ഹരിത കേരളമിഷൻ മാർഗ്ഗരേഖയനുസരിച്ച് ഗ്രാമ പഞ്ചായത്ത് ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവ പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല.

എ) ഗ്രാമ പഞ്ചായത്ത് ഗോരുക്കട്ടെ എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള അജൈവമാലിന്യ ശേഖരണ കേന്ദ്രത്തിലേയ്ക്ക് (മെറ്റീരിയൽ കളക്ഷൻ സെന്റർ) 5.29 ലക്ഷം രൂപ ചെലവഴിച്ച് (പ്രൊ.നം.312/19) ക്ലീൻ കേരള കമ്പനി മുഖേന ബെയിലിങ്ങ് മെഷീൻ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണം സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുത കണക്ഷൻ ലഭ്യമാവാത്തതിനാൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹരിത കർമ്മ സേന ശേഖരിച്ച അജൈവ മാലിന്യം നിലവിൽ മെറ്റീരിയൽ കളക്ഷൻ സെന്ററിൽ കൂട്ടിയിട്ട അവസ്ഥയിലാണ്. ബെയിലിങ്ങ് മെഷിന് ചെലവായ തുകയിൽ 40,000 രൂപ ക്ലീൻ കേരള കമ്പനിയ്ക്കുള്ള ഒരു വർഷത്തേയ്ക്കുള്ള സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ നല്കിയ തുകയാണ്. 2019-മാർച്ചിൽ ലഭ്യമായ ഉപകരണം പ്രവർത്തനക്ഷമമാക്കാത്തതിനാൽ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ

നല്കിയ തുക പ്രയോജന രഹിതമായിത്തീരുന്നു. മെറ്റീരിയൽ കളക്ഷൻ സെന്ററിലേയ്ക്ക് ഉള്ള റോഡ് ടാർ ചെയ്യാത്തതിനാൽ വാഹനങ്ങൾക്ക് പോകുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. 40 ലക്ഷത്തോളം രൂപ മുടക്കി സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്ററിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ എത്രയും വേഗം ലഭ്യമാക്കുവാനും, റോഡ് സൗകര്യം മെച്ചപ്പെടുത്തുവാനും ഉള്ള നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

ബി) ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനങ്ങൾ 2018 ൽ ആരംഭിച്ചിരുന്നുവെങ്കിലും ആയത് പുന:സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിച്ചത് 2019 ജൂൺ മാസമാണ്. എന്നാൽ ഇതിന്റെ ഭാഗമായി സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ആവശ്യകതാ സർവ്വേ നടത്തിയിട്ടില്ല.ഹരിത കർമ്മസേന പ്രവർത്തനങ്ങൾ ഉർജ്ജിതപ്പെടുത്തുവാൻ സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിച്ച് വിപണനം ചെയ്യുന്നതിനും, അവശേഷിക്കുന്നവ സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സി) ഗ്രാമ പഞ്ചായത്തിൽ ഹരിത കേരള മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത വ്യാപകമായി കണ്ടുവരുന്നു.ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഹൈവേയുടെ പാർശ്വങ്ങളിലും, റെയിൽവേസ്റ്റേഷന്റെ സമീപസ്ഥലങ്ങളിലും വ്യാപകമായി മാലിന്യം തള്ളുന്ന സ്ഥിതിവിശേഷമാണുള്ളത് .ഇത്തരം മാലിന്യം നീക്കം ചെയ്യുന്നതിന് ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 1,82,000 രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാത്ത തദ്ദേശസ്ഥാപനങ്ങൾക്ക് എതിരെ ദേശീയ ഹരിത ട്രൈബ്യൂണൽ ഭീമമായ പിഴ ചുമത്തുന്ന സാഹചര്യം നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും ഫലപ്രദമായി വിനിയോഗിക്കാതെ ഇത്തരത്തിൽ കോടതിനടപടികൾ നേരിടേണ്ടിവന്നാൽ ആയതിന് ഭരണസമിതിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും തുല്യഅളവിൽ ഉത്തരവാദികളായിരിക്കും. ഇക്കാര്യം പരിശോധിച്ച് പെതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിന് ബോധവൽകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതും, പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ഡി) ജൈവമാലിന്യ സംസ്കരണത്തിനായി ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിക്കാണുന്നില്ല. ഇത്തരം പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിന് ശുചിത്വ മിഷൻ സഹായത്തോടെ വിവിധപദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുമെങ്കിലും ഓഡിറ്റ് കാലയളവിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കിക്കാണുന്നില്ല. ഗാർഹിക തലത്തിൽ ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് പരിപാലനം-സംയുക്ത പരിശോധന നടത്തിയിട്ടില്ല .

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വർഷം തോറും ഭീമമായ സംഖ്യ ചെലവഴിക്കപ്പെടുന്നുണ്ട്. 2017-18 വർഷം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 11.36 ലക്ഷം രൂപയും 2018-19 വർഷം 15.98 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. രണ്ട് വർഷങ്ങളിലുമായി ആകെ 1521 തെരുവ് വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. 2018-19 വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 6.83 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല . തെരുവ് വിളക്ക് രജിസ്റ്ററിൽ ഇതു സംബന്ധിച്ച

കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുപരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1).തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശം പാലിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ,ഇനം, എണ്ണം ect.) ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

4) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-20 ചർച്ച് ബീച്ച് അങ്കണവാടി പുനരുദ്ധാരണ പ്രവൃത്തി - അധികം തുക ചെലവഴിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | |
|---|---|---|
| പ്രൊജക്ട് നം. | S O 238/1 (ചർച്ച് ബീച്ച് അങ്കണവാടി ഇംപ്രൂവ്മെന്റ്) | |
| കൺവീനർ | അബ്ദുൾ ലത്തീഫ്.എം.എച്ച്, ഹൊസബെട്ടു. | |
| കൺവീനർക്ക് നൽകിയ തുക | ₹ 3,62,572/- | ട്രഷറി ബിൽ നം 77/18-19തീ. 20.03.2019 (ബിൽ തുക ₹ 3,81,657/-) |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (നം.66/18-19, പേജ് 45) പ്രകാരം ആകെ അളവ് മൂല്യം 3,70,542/- രൂപയാണ്. അന്തിമ ബിൽ പ്രകാരം പ്രവൃത്തിയുടെ കൺവീനർക്ക് 3,62,572/- രൂപ നൽകിയിട്ടുണ്ട് .

ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് ഈ നടപ്പാക്കിയത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേനയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയരിക്കുന്നത് (EST NO: 2017/137498). എസ്റ്റിമേറ്റിലെ എല്ലായിനം പ്രവൃത്തിക്കും 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (പി) 30/2016/ഫിൻ തീയതി 29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുമ്പോൾ നികുതികൾ ഗുണഭോക്തൃ കമ്മിറ്റികൾതന്നെ വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കൺവീനർക്ക് തുക അനുവദിച്ചപ്പോൾ ആകെ അളവ് മൂല്യത്തിന്റെ കൂടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി എന്നിവ കൂടി ചേർത്ത് 3,81,657/-രൂപ

ട്രഷറിയിൽനിന്നും പിൻവലിച്ചത് 11,115/-രൂപയുടെ അധിക ചെലവുണ്ടാക്കി. (വിശദ വിവരത്തിനായ് ഈ റിപ്പോർട്ടിലെ ഭാഗം 3 കാണുക).

## 1-21 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില്പനയിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 26 പൊതു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയായ് 78,530/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർക്ക് 6,92,49,349/- രൂപ ആകെ പദ്ധതി അടങ്കലുള്ള 217 പ്രൊജക്ടുകളാണ് നിർവഹിക്കാനുണ്ടായിരുന്നത്. ഇതിൽ 117 പദ്ധതികളാണ് തൻവർഷം അസിസ്റ്റൻറ് എഞ്ചിനയർ നിർവ്വഹണം നടത്തിയത്. 117 പൊതുമരാമത്ത് പ്രവൃത്തികൾക്കായി 3,23,88,838/- രൂപയാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെലവഴിച്ചത്. അതായത് ആകെ അടങ്കലിൻറെ 46.77% തുക ചെലവഴിച്ചു. പൊതുമരാമത്ത് മേഖലയിൽ 2018-19 വർഷം നിർവഹിക്കാനുണ്ടായിരുന്ന 217 പദ്ധതികളിൽ 101 എണ്ണം സ്പിൽഓവർ പ്രൊജക്ടുകളായിരുന്നു, ഇതിൽ 70 എണ്ണം തൻവർഷം നിർവ്വഹണം നടത്തി. ആകെ നിർവഹണത്തിനുണ്ടായിരുന്ന 116 പുതിയ പ്രൊജക്ടുകളിൽ 47 എണ്ണവും തൻവർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം (ക്യാഷ് ബുക്കിലെ വിവരം പ്രകാരം) അസിസ്റ്റൻറ് എഞ്ചിനിയർ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| മാസം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|
| 4/2017 | 0 |
| 5/2017 | 8 |
| 6/2017 | 0 |
| 7/2017 | 1 |

| | |
|---|---|
| 8/2017 | 0 |
| 9/2017 | 1 |
| 10/2017 | 11 |
| 11/2017 | 5 |
| 12/2017 | 11 |
| 1/2018 | 17 |
| 2/2018 | 8 |
| 3/2018 | 55 |
| ആകെ | 117 |

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആകെ പദ്ധതി ചെലവിൻറെ 43.16% തുകയും ചെലവഴിച്ചത് അസിസ്റ്റന്റ് എഞ്ചിനിയറാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 2018-19 വർഷത്തെ ജീവനക്കാരുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 1 | |
| 2 | ഓവർസിയർ ഗ്രേഡ്-2 | 1 | ഈ തസ്തിക 01.04.2018 മുതൽ 11.09.2018 വരെ ഒഴിഞ്ഞുകിടന്നിരുന്നു. |
| 3 | ഓവർസിയർ ഗ്രേഡ്-3 | 1 | ഈ തസ്തിക 08.10.2018 മുതൽ 26.11.2018 വരെ ഒഴിഞ്ഞുകിടന്നിരുന്നു. |
| | മേൽ പറഞ്ഞ ജീവനക്കാരെ കൂടാതെ ഒരു ക്ലാർക്കിനെ 2018-19 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. | | |

പരിമിതമായ ജീവനക്കാരെവെച്ചാണ് തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ

നടപ്പിലാക്കിയത്. പദ്ധതികളുടെ ബാഹുല്യവും ജീവനക്കാരുടെ കുറവും പദ്ധതി നിർവ്വഹണത്തിൽ പല അപാകതകൾക്കും കാരണമായിട്ടുണ്ട്. നടപടിക്രമങ്ങളിലെ ചില വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതികളുടെ ബാഹുല്യം കാരണം മതിയായ സ്ഥല പരിശോധന കൂടാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഉദാഹരണത്തിന് കിതേശ്വർ കുടിവെള്ള പദ്ധതിയുടെ (പ്രൊജക്ട് 253/19)ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം കുഴൽ കിണർ നിർമ്മാണത്തിനായ് 90,000/-രൂപ വകയിരുത്തിയിട്ടുണ്ട്, എന്നാൽ ഈ പ്രവൃത്തിയുടെ സൈറ്റിൽ ഒരു കുഴൽ കിണർ നിലവിലുള്ളതിനാൽ കുഴൽ കിണർ കുഴിക്കുന്നയിനം പ്രവൃത്തി ഒഴിവാക്കി പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. തൻവർഷം നടപ്പാക്കിയ മിക്കവാറും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെയും ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 3മീറ്റർ വീതിയിൽ കോൺക്രീറ്റിംഗ് പ്രവൃത്തി ചെയ്യാനാണ് തയ്യാറാക്കിയത് എന്നാൽ പ്രവൃത്തിയുടെ നിർവഹണഘട്ടത്തിൽ റോഡിന് ആവശ്യത്തിന് വീതിയില്ലാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു നടപ്പാക്കുകയാണുണ്ടായത്. ഉദാഹരണത്തിന് എൻ.എച്ച്. മുതൽ ഗണ്ടോളികെ റോഡ് പുനരുദ്ധാരണം (പ്രൊജക്ട് 93/19) എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 68 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റോഡ് പ്രതലം കോൺക്രീറ്റ് ചെയ്യുന്നതിനുള്ളതാണ്. എന്നാൽ പിന്നീട് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന് 3മീറ്റർ വീതി ഇല്ല എന്ന് മനസ്സിലാക്കിയാതിനാൽ എസ്റ്റിമേറ്റ് പ്രവൃത്തി 81.4 മീറ്റർ നീളത്തിലും 2.5 മീറ്റർ വീതിയിലുംനടപ്പാക്കുകയാണുണ്ടായത്.

2.വർക്ക് ഫയലിൽ അനുബന്ധ രേഖകൾ ഇല്ല.

പദ്ധതികളുടെ ബാഹുല്യം കാരണം പല ആവശ്യരേഖകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ വർക്ക് ഫയലിൽ എസ്റ്റിമേറ്റിനൊപ്പം സൂക്ഷിക്കേണ്ട ഡാറ്റ ഒരു ഫയലിലും ഇല്ല. മിക്ക ഫയലുകളിലും കരാറുമായി/ഗുണഭോക്തൃകമ്മിറ്റിയുടെ കൺവീനർമാരുമായി നിർവഹണോദ്യോഗസ്ഥൻ ഏർപ്പെട്ട കരാറുടമ്പടി അപൂർണ്ണമാണ്.(ഉദാഹരണത്തിന് ദാറുൽ കുറാൻ റോഡ് പുനരുദ്ധാരണം -പ്രൊജക്ട് നം91/19, ആദർശ് നഗർ മോട്ടോർ ഷെഡ്, പൈപ്പ് ലൈൻ, വൈദ്യുതീകരണം-പ്രൊജക്ട് നം246/19, ജി.ഡബ്ല്യു.എൽ.പി.സ്കൂൾ അടുക്കള നിർമ്മാണം -പ്രൊജക്ട് നം192/19). ചില പ്രവൃത്തികളുട ഫയലുകളിൽ പ്രൊജക്ട് റിപ്പോർട്ടുകൾ ഇല്ല. (ഉദാഹരണത്തിന് വാമഞ്ചൂർ സ്കൂൾ പുനരുദ്ധാരണം -പ്രൊജക്ട് നം240/19, കച്ചിക്കാട് ബോർവെൽ പുനരുദ്ധാരണം-പ്രൊജക്ട് നം255/19). കരാറുകാർ സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ ഓഫീസ് ഉപയോഗത്തിനായുള്ള ഭാഗം നിർവഹണോദ്യോഗസ്ഥൻ പൂരിപ്പിച്ച് വയ്ക്കുന്നില്ല.

3. പദ്ധതികളിൽ ഭൂരിഭാഗം പൂർത്തീകരിച്ചത് മാർച്ച് മാസത്തിലാണ്. ആകെ 117 മരാമത്ത് പ്രവൃത്തികളാണ് 2018-19 വർഷം ചെയ്തത്. ഇതിൽ പകുതി പ്രവൃത്തികളുടെ ചെലവും ഫെബ്രുവരി, മാർച്ച് മാസത്തിലാണ് നടത്തയിട്ടുള്ളത്. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തൽ ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവയെ സാരമായി ബാധിക്കും. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തൽ നടത്താതെ അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവ നടത്തുന്നതിന് ഇടയാക്കും. സാമ്പത്തിക വർഷവസാനം പദ്ധതികൾ തിരക്കിട്ട് നടപ്പാക്കുന്നത് പ്രവൃത്തികളുടെ ഗുണ നിലവാരത്തെയും ബാധിക്കും.

4. പദ്ധതികളുടെ മോണിറ്ററിംഗ് പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശാനുസരണമല്ല നടത്തുന്നത്. 2018-19 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, മരാമത്ത് പ്രവൃത്തി നടന്ന വാർഡിലെ മെമ്പർ എന്നിവരാണ്. 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. പൊതുമരാമത്ത്

മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടം വഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കണ്ടവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയല്ല ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നത്. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗിനും തടസ്സമായി.

